ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ആരോഗ്യ സംരക്ഷണത്തിന് ഫണ്ട്

*13 [521] ശ്രീ. എ. കെ. ബാലൻ:

„ വി. ചെന്താമരാക്ഷൻ:

„ പിരപ്പൻകോട് മുരളി

„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാവപ്പെട്ടവർ തങ്ങളുടെ വരുമാനത്തിന്റെ ഗണ്യമായ ഒരു ഭാഗം ആരോഗ്യ രക്ഷയ്ക്കായി ചെലവഴിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ആരോഗ്യരക്ഷക്കായി എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഇതിനായി ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് എന്തെല്ലാം ചികിത്സാ സഹായങ്ങളാണ് ലഭിക്കുകയെന്ന് വ്യക്തമാക്കാമോ;

(ഇ) ആരോഗ്യ സംരക്ഷണത്തിനും ചികിത്സയ്ക്കും സഹായം ആവശ്യമുള്ള ദരിദ്രരായവരെ സഹായിക്കുന്നതിനായി ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)

(എ) ഉണ്ട്.

(ബി) ഇല്ല.

(സി ആന്റ് ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ചികിത്സയ്ക്ക് ധനസഹായം ലഭ്യമാക്കാൻ രണ്ട് പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും ഡോക്ടറുടെ ചികിത്സാ സർട്ടിഫിക്കറ്റിന്റെയും വരുമാന സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർഹമായ അപേക്ഷകൾ പരിഗണിച്ച് തുക അനുവദിക്കുകയും പ്രസ്തുത തുക മണിയോർഡറായി വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. മാരക രോഗങ്ങളുടെ ചികിത്സക്കായി സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ എന്നതിൽ നിന്നും പരമാവധി 20,000 രൂപ വരെ സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. അതിനുപുറമേ സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്ന കാര്യവും പരിശോധിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിർദ്ധന രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിന് രണ്ട് സംവിധാനങ്ങൾ നിലവിലുണ്ട്. ആരോഗ്യമന്ത്രിയുടെ ക്ഷേമനിധിയിൽനിന്നും വില്ലേജ് ഓഫീസർ നൽകുന്ന വരുമാനസർട്ടിഫിക്കറ്റ്, ഡോക്ടർ നൽകുന്ന ചികിത്സാ സർട്ടിഫിക്കറ്റ്, മറ്റ് ചികിത്സാ സഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ലഭിക്കുന്ന അപേക്ഷകളിൽനിന്നും അർഹമായ അപേക്ഷകരെ തിരഞ്ഞെടുത്ത് ധനസഹായം നൽകിവരുന്നു. മാരകരോഗങ്ങളുടെ ചികിത്സയ്ക്കു മാത്രമാണ് സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പൂവറിൽനിന്ന് ധനസഹായം അനുവദിക്കുന്നത്. നിർദ്ദിഷ്ട ഫോറത്തിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഹൃദയ മസ്തിഷ്ക ശസ്ത്രക്രിയകൾ, വൃക്കകൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ) മറ്റ് ചില സുപ്രധാന അസ്ഥി ശസ്ത്രക്രിയകൾ എന്നിവയ്ക്കാണ് ഇതിൽനിന്നും ധനസഹായം അനുവദിക്കുന്നത്. പരമാവധി 20,000 രൂപ വരെ ധനസഹായം ലഭ്യമാക്കിവരുന്നു

കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡുകൾ കാര്യക്ഷമമാക്കാൻ നടപടി

*14 [522] ശ്രീ. റോഷി അഗസ്റ്റിൻ:

„ തോമസ് ചാഴികാടൻ:

„ കെ. നാരായണകുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേ വാർഡുകൾ യഥാസമയം അറ്റകുറ്റ പണികൾ നടത്താത്തതുമൂലം ഉപയോഗയോഗ്യമല്ലാതായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന് ഇപ്പോൾ എത്ര കോടി രൂപയുടെ നഷ്ടം ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ആയത് സംഭവിക്കാനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്ന് ആരാഞ്ഞിട്ടുണ്ടോ;

(ഡി) സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കെട്ടിടങ്ങളിൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) കേരളത്തിലെ വിവിധ ആശുപത്രികളിൽ കെ. എച്ച്. ആർ. ഡബ്ല്യു. എസ്-ന്റെ 2025 പേ വാർഡുകൾ നിലവിലുണ്ട്. ഇവയിൽ 42 എണ്ണം അറ്റകുറ്റ പണികൾ നടത്താത്തതുമൂലം അടഞ്ഞുകിടക്കുന്നുണ്ട്. കൂടാതെ 66 പേ വാർഡു മുറികൾ അറ്റകുറ്റപണികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly